**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1315** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഇളവൂർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ കെ.ആർ.എഫ്.ബി. നിർവ്വഹണ ഏജൻസിയായിട്ടുള്ള ഇളവൂർ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ? | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്നതും, കെ.ആർ.എഫ്.ബി നിർവഹണ ഏജൻസി ആയിട്ടുള്ളതുമായ പാലം പ്രവൃത്തിയാണ് ഇളവൂർ പാലം നിർമ്മാണം. പ്രസ്തുത പ്രവൃത്തിക്കായി 10.07.2017 തീയതിയിലെ സ.ഉ(സാധാ) നം.942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 12.01.2020 തിയതിയിൽ കിഫ്ബിയിൽ നിന്നും 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 6.61 കോടി രൂപയുടെ സാങ്കേതികാനുമതി 19.01.2023 തീയതിയിൽ നൽകിയിട്ടുമുണ്ട്. പ്രവൃത്തി DsoR 2016 പ്രകാരം രണ്ടു തവണ ടെൻഡർ ചെയ്യുകയും, DsoR 2018 പ്രകാരം എട്ടു പ്രാവശ്യം ടെൻഡർ ചെയ്യുകയും ചെയ്തു. ആദ്യത്തെ ആറ് ടെണ്ടറുകളിൽ ആരും തന്നെ പങ്കെടുത്തിട്ടില്ല. ഏഴാമത്തെ ടെൻഡറിൽ സിംഗിൾ ബിഡ് ആയിരുന്നു ലഭിച്ചത്. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27.34% അധികമായിരുന്നതിനാൽ 07.06.2024 തീയതിയിൽ കൂടിയ ടെൻഡർ അപ്പ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 06.07.2023–ൽ പ്രവൃത്തി റീ ടെൻഡർ ചെയ്.തു. സിംഗിൾ ബിഡ് ആണ് ലഭിച്ചത്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് പി.എ.സി തുകയേക്കാൾ 40.61 ശതമാനം അധികമായതിനാൽ 25.08.2023 തീയതിയിൽ നടന്ന 46-ാം ടെൻഡർ അപ്പ്രൂവൽ കമ്മിറ്റി ടെണ്ടർ അംഗീകരിക്കുന്ന വിഷയത്തിൽ സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് ഡയറക്ടർ. പി.എം.യു. - കെ.ആർ.എഫ്.ബി. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ